**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 131** **22-06-2026-ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രി വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള മാതൃശിശു വിഭാഗം പ്രത്യേക മാതൃശിശു ആശുപത്രിയായി ഉയർത്തേണ്ടതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** നിലവിലുള്ള മാനദണ്ഡപ്രകാരം ഒരു ജില്ലയിൽ ഒരു മാതൃശിശു ആശുപത്രി മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. അപ്രകാരം മലപ്പുറം ജില്ലയിൽ അനുവദിക്കപ്പെട്ട മാതൃശിശു ആശുപത്രി പൊന്നാനി മാതൃശിശു ആശുപത്രിയാണ്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള മാതൃശിശു വിഭാഗം പ്രത്യേക മാതൃശിശു ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(ബി)** പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രത്യേക മാതൃശിശു ആശുപത്രി ആരംഭിക്കുന്നത് മലപ്പുറം ജില്ലയിലെ ആരോഗ്യ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കുമെന്ന കാര്യം ഗൗരവത്തിലെടുക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**